"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഗതാഗത വകുപ്പ് - സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പ് നടപ്പിലാക്കിവരുന്ന എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി റോഡപകടങ്ങൾ ഗണ്യമായി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്തിട്ടുള്ള 'സേഫ് കേരള പദ്ധതിയ്ക്ക്' സമഗ്ര ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത (ഡി) വകുപ്പ്**

സ.ഉ.(കൈ) നം.26/2023/TRANS തീയതി,തിരുവനന്തപുരം, 18-04-2023

---

പരാമർശം:-
1. സ. ഉ (കൈ) നം.42/2018/ഗതാ, തീയതി 04.06.2018.
2. സ. ഉ (കൈ) നം.44/2018/ഗതാ, തീയതി 04.06.2018.
3. സ. ഉ (കൈ) നം.56/2018/ഗതാ, തീയതി 24.09.2018.
4 സ. ഉ (കൈ) നം.70/2018/ഗതാ, തീയതി 13.12.2018.
5 സ. ഉ (സാധാ) നം.22/2019/ഗതാ, തീയതി 18.01.2019.
6 സ. ഉ (സാധാ) നം.559/2019/ഗതാ, തീയതി 17.12.2019.
7 സ. ഉ (സാധാ) നം.134/2020/ഗതാ, തീയതി 27.04.2020.
8 28.05.2020 - ലെ മോട്ടോർ വാഹന വകുപ്പും കെൽട്രോണുമായുള്ള സർവ്വീസ് ലെവൽ എഗ്രിമെന്റ്.
9 മോട്ടോർ വാഹന വകുപ്പിന്റെ 23/02/2022 ലെ E1/37/2019/TC നമ്പർ പ്രൊപ്പോസലും 03/07/2022, 20/09/2022, 08/11/2022, 28/11/2022, 11/01/2023, 01/02/2023, 10/02/2023, 17/02/2023, 22/02/2023, 02/03/2023 തീയതികളിലെ കത്തുകളും.
10 സർക്കാരിന്റെ 24/11/2022, 17/01/2023, 19/01/2023, 31/01/2023, 09/02/2023, 17/02/2023, 20/02/2023, 28/02/2023, 06/04/2023 എന്നീ തീയതികളിലെ D3/285/2022/2022 നമ്പർ സർക്കാർ കത്തുകൾ.
11 10/04/2023 തീയതിയിൽ ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ നടപടിക്കുറിപ്പ്.

**ഉത്തരവ്**

സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പ് നടപ്പിലാക്കിവരുന്ന എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി റോഡപകടങ്ങൾ ഗണ്യമായി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് 'സേഫ് കേരള' പദ്ധതി. ട്രാഫിക് നിയമലംഘനം തടയുന്നതിനും, വാഹന അപകടങ്ങളും അതുവഴിയുണ്ടാകുന്ന മരണങ്ങളും കുറയ്ക്കുന്നതിനുവേണ്ടി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കി 'സേഫ് കേരള' പദ്ധതി നടപ്പിലാക്കുന്നതിനായി പരാമർശം (1) & (2) പ്രകാരം മോട്ടോർ വാഹന വകുപ്പിൽ പുതുതായി 262 അധിക തസ്തികകൾ സൃഷ്ടിച്ച് സർക്കാർ ഉത്തരവായിരുന്നു. പരാമർശം (3) പ്രകാരം, മോട്ടോർ വാഹന വകുപ്പിൽ നിലവിലുള്ള 34

എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്കു പുറമെ 51 പുതിയ സ്ക്വാഡുകൾ കൂടി രൂപീകരിച്ചും ഇതിനായി ഉദ്യോഗസ്ഥരെ പുനർവിന്യസിച്ചും ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പരാമർശം (4) പ്രകാരം സംസ്ഥാനത്തെ 14 ജില്ലകളിലും പദ്ധതിയുടെ ഭാഗമായി കൺട്രോൾ റൂമുകൾ സ്ഥാപിക്കുന്നതിനും സർക്കാർ അനുമതി നൽകുകയുണ്ടായി. സേഫ് കേരള പദ്ധതിക്കായി വാഹനങ്ങൾ wet lease-ന് എടുക്കുന്നതിനായി റോഡ് സുരക്ഷാ അതോറിറ്റിയുടെ അംഗീകാരത്തോടെ ഗതാഗത കമ്മീഷണർ സമർപ്പിച്ച Request for Proposal-നും (RFP), പുറംകരാർ വ്യവസ്ഥയിൽ ഉദ്യോഗസ്ഥരെ നിയമിച്ചുകൊണ്ട് കൺട്രോൾ റൂമുകൾ സ്ഥാപിക്കുന്നതിനുള്ളExpression of Interest ക്ഷണിക്കുന്നതിനും പരാമർശം (5) പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു.

2. സംസ്ഥാനത്തെ റോഡുകളിലുടനീളം നിർമിത ബുദ്ധിയിൽ അധിഷ്ഠിതമായ 726 ക്യാമറകൾ ഗവൺമെന്റ്/വകുപ്പിന്റെ ആദ്യ മുതൽ മുടക്കില്ലാതെ എന്നാൽ 5 വർഷത്തിനുള്ളിൽ 20 തവണകളായി മൂലധനത്തുക തിരികെ നൽകുന്ന Fully Automated Traffic Enforcement System സേഫ് കേരള പദ്ധതിയുടെ ഭാഗമായി സംസ്ഥാന പൊതു മേഖല സ്ഥാപനമായ കെൽട്രോൺ രൂപീകരിക്കുകയും അതിനായി സമർപ്പിച്ച Techno commercial പ്രൊപ്പോസൽ, പരാമർശം (6) പ്രകാരം പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗത വകുപ്പ് ചെയർമാനായി രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റി പരിശോധിക്കുകയും പ്രസ്തുത കമ്മിറ്റി താഴെ പറയുന്ന ശിപാർശയോടുകൂടി അംഗീകരിക്കുകയുമുണ്ടായി.

"(i) The Motor Vehicles department should identify the exact location in which Cameras are to be installed and share this data with Police department to avoid duplication/ wastage of infrastructure. It should be ensured that Cameras are not installed in the same location by different agencies.
(ii) The data collected through the Cameras may be shared with Police department on a need based strategy.
(iii) It should be frequently monitored to ensure whether the Cameras installed under the Project are working. AMC for maintaining the Cameras should be given for an extended period of 10 years."

3. ടെക്നിക്കൽ കമ്മിറ്റിയുടെ മേൽ പരാമർശിച്ച ശിപാർശകൾ സർക്കാർ വിശദമായി പരിശോധിക്കുകയും സേഫ് കേരള പദ്ധതിക്ക് കീഴിൽ BOOT model വഴി Fully Automated Traffic Enforcement System നടപ്പിലാക്കുന്നതിനും 5 വർഷത്തേയ്ക്ക് Facility Management System നടപ്പിലാക്കുന്നതിനും ചുവടെ ചേർത്തിരിക്കുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് പരാമർശം (7) പ്രകാരം ഭരണാനുമതി നൽകുകയുമുണ്ടായി.

"1) M/s.KELTRON may act as a PMC and a Vendor be chosen through a transparent bidding process.
2) M/s.KELTRON to detect vehicles violating Traffic rules. Transport Commissioner must ensure that there is no overlap with the Cameras of State Police Chief.
3) The Technical Committee should monitor the implementation of the Project at each and every stage of its implementation.
4) The Motor Vehicles department should execute a Service Level Agreement (SLA) with M/s. KELTRON for implementation of the Project and the conditions put forth by the Technical Committee in its meeting held on 28/12/2019 should be incorporated in the SLA."

4. വിവിധ കാലയളവിലെ വിവിധ പദ്ധതി ഘടകങ്ങൾക്കുള്ള അനുമതി ലഭിച്ച ശേഷം

പരാമർശം (8) പ്രകാരം മോട്ടോർ വാഹന വകുപ്പ് കെൽട്രോണുമായി സർവ്വീസ് ലെവൽ എഗ്രിമെന്റിൽ (SLA) ഏർപ്പെട്ട സാഹചര്യത്തിൽ ക്യാമറകൾ സ്ഥാപിക്കുന്നതിന് കെൽട്രോണിന് ഗതാഗത കമ്മീഷണർ വർക്ക് ഓർഡർ നൽകുകയും ചെയ്തു.

5. കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ 09.03.2022 തീയതിയിൽ ചേർന്ന 45-ാമത് അതോറിറ്റി യോഗം സേഫ് കേരള പദ്ധതിയിലെ ചില പ്രൊപ്പോസലുകൾക്ക് സർക്കാർ ഘട്ടംഘട്ടമായി മാത്രമേ അനുമതി നല്കിയിട്ടുള്ളുവെന്നും സമഗ്ര ഭരണാനുമതി ലഭിച്ചിട്ടില്ലായെന്നും വിലയിരുത്തുകയും ആയതിനാൽ പ്രസ്തുത പദ്ധതിയ്ക്ക് സമഗ്ര ഭരണാനുമതി നല്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുവാൻ ഗതാഗത കമ്മീഷണർക്ക് നിർദ്ദേശം നല്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സേഫ് കേരളപദ്ധതിയുടെ ഭാഗമായ Fully Automated Traffic Enforcement System കൂടി നടപ്പിലാക്കുന്നതിന് സമഗ്ര ഭരണാനുമതി നൽകണമെന്നും പ്രസ്തുത ഉപപദ്ധതിക്ക്ആകെ 235,82,28,812/- രൂപ ചെലവ് വരുമെന്നും ഈ തുക റോഡ് സേഫ്റ്റി അതോറിറ്റിയുടെ 3055-00-800-95 (NP-C) എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിനുമായുള്ള ഉത്തരവ് നൽകണമെന്നും ഗതാഗത കമ്മീഷണർ പരാമർശം (9) അഭ്യർത്ഥിക്കുകയുണ്ടായി.

6. മോട്ടോർ വാഹന വകുപ്പ് പദ്ധതിയിൽ സ്ഥാപിക്കുന്ന ക്യാമറകൾ വഴിയും അല്ലാതെയും ഈടാക്കുന്ന മുഴുവൻ പിഴ തുകയും സർക്കാർ ഖജനാവിലേക്കാണ് മുതൽ കൂട്ടുന്നത്. ടി തുകയുടെ 50% കേരള റോഡ് സുരക്ഷാ അതോറിറ്റിയ്ക്ക് കൈമാറണമെന്ന് 2007 ലെ കേരള റോഡ് സുരക്ഷാ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയതിനാൽ സേഫ് കേരള പദ്ധതിയുടെ Fully Automated Traffic Enforcement System നടപ്പിലാക്കുന്നതിനാവശ്യമായ തുക KRSA-യുടെ ഫണ്ടിൽ നിന്നും അനുവദിക്കണമെന്ന് ഗതാഗത കമ്മീഷണർ ആവശ്യപ്പെട്ടു.

7. പൊതു നിരത്തുകളിൽ ക്യാമറകൾ ഉൾപ്പെടെ റോഡ് സുരക്ഷാ ഉപകരണങ്ങൾ സ്ഥാപിച്ച് കൺട്രോൾ റൂമുകൾ സജ്ജീകരിക്കുന്നതിനായി കെൽട്രോൺ സമർപ്പിച്ച പ്രൊപ്പോസലിൽ രേഖപ്പെടുത്തിയിട്ടുള്ള Facility Management Service നികുതിയുൾപ്പെടെ 66,92,02,688/- രൂപ, CAPEX നികുതി ഉൾപ്പെടെ 168,90,26,124 രൂപ, അങ്ങനെ ആകെ 235,82,28,812/- രൂപ ഈ പദ്ധതിക്ക് ചെലവ് വരുന്നതായിരുന്നു original പ്രപ്പോസൽ. തുടർന്ന്, ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെൽട്രോണുമായി ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി നടത്തിയ ചർച്ചയിൽ കൺസൾട്ടിംഗ് ചാർജ്ജ് കുറയ്ക്കാൻ [അതായത് കൺസൾട്ടൻസി ചാർജ്ജായ 7,89,71,133/- (6,69,24,689/- + 18% GST) രൂപയിൽ നിന്നും 33,57,577/- രൂപ കുറച്ച് ബാക്കി 7,56,13,547/- (6,40,79,277/- + 18% GST). രൂപയായി] കെൽട്രോൺ സമ്മതിക്കുകയുണ്ടായി. പദ്ധതിയുടെ ടെൻഡറിങ് നടപടി പൂർത്തിയായപ്പോൾ L1 കമ്പനിയുമായുള്ള വിലപേശലിനെ തുടർന്ന് CAPEX തുക നികുതികൾ ഉൾപ്പെടെ 168,90,26,124/- രൂപയിൽ നിന്നും 166,23,28,727/- രൂപ ആയി കുറഞ്ഞിരുന്നു. പിന്നീട് ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുമായി 16/11/2022 ന് നടത്തിയ ചർച്ചയെത്തുടർന്ന് CAPEX-ന് quote ചെയ്ത തുക നിലവിൽ 165,89,71,150/- രൂപയായി കുറഞ്ഞിട്ടുണ്ട്. ആകയാൽ നിലവിൽ CAPEX ഉം OPEX (66,35,79,136/-) ഉം ഉൾപ്പെടെ ആകെ 232,25,50,286/- രൂപയാണ് പദ്ധതി ചെലവ്. പ്രസ്തുത തുക 11,61,27,514/- രൂപ വീതമുള്ള 20 ത്രൈമാസ ഗഡുക്കളായിട്ടാണ് നൽകേണ്ടത് എന്നും അറിയിച്ചിട്ടുണ്ട്.

8. പരാമർശം (8) പ്രകാരം മോട്ടോർ വാഹന വകുപ്പും കെൽട്രോണുമായുള്ള സർവ്വീസ് ലെവൽ എഗ്രിമെന്റ് clause 4(c) പ്രകാരം ടി പദ്ധതി നടപ്പിലാക്കിയ ശേഷമുള്ള ആദ്യ ത്രൈമാസം മുതൽ 20 ഗഡുക്കളായി (ആനുവിറ്റി മോഡ്) പദ്ധതി ചെലവ് സംബന്ധിച്ച തുക

ഒടുക്കേണ്ടതുണ്ട്. പദ്ധതിക്കാവശ്യമായ തുക മേൽ പറഞ്ഞ പ്രകാരം നല്കണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയതിനാൽ ഈ പദ്ധതി പരമ്പരാഗത (conventional) BOOT model ആയി പരിഗണിക്കാൻ കഴിയുകയില്ല. പദ്ധതിയ്ക്ക് ചെലവായ തുക 20 തവണകളായി annuity model-ലിൽ മുടക്കുമുതൽ കെൽട്രോണിന് തിരികെ നൽകേണ്ടതാണ്.

9. ഇക്കാര്യങ്ങളെല്ലാം സർക്കാർ വിശദമായി പരിശോധിച്ചു. ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിക്കൊണ്ട് കേരള മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി റോഡപകടങ്ങൾ ഗണ്യമായി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്തിട്ടുള്ള 'സേഫ് കേരള പദ്ധതി' യിലെ പ്രവൃത്തികൾ ഏതാണ്ട് പൂർണ്ണമായി പൂർത്തീകരിച്ചു എന്നത് കണക്കിലെടുത്തും, സർക്കാർ മുൻപ് മിക്കവാറും എല്ലാ ഘടകങ്ങളുടേയും അനുമതി പല ഘട്ടങ്ങളിലായി നൽകിയതിനാലും കെൽട്രോൺ സർക്കാരിന്റെ ഒരു പൊതുമേഖലാ സ്ഥാപനമാണ് എന്നതു പരിഗണിച്ചും എല്ലാ ഉപകരണങ്ങളും ഇതിനകം തന്നെ സ്ഥാപിച്ചതിനാൽ ഗതാഗത കമ്മീഷണർ നൽകിയ വർക്ക് ഓർഡർ റദ്ദ് ചെയ്യാൻ ഈ ഘട്ടത്തിൽ സാധിക്കാത്തതിനാലും, 27.04.2020 ലെ G.O(Rt) No. 134/2020/Trans ഉത്തരവു പ്രകാരമുള്ള BOOT Model വ്യവസ്ഥകളിൽ ഭേദഗതി വരുത്തിക്കൊണ്ട് കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ 232,25,50,286/- രൂപ ഉപയോഗിച്ച് ചുവടെ ചേർക്കുന്ന വ്യവസ്ഥകളോടെ Fully Automated Traffic Enforcement System എന്ന ഉപപദ്ധതി ഉൾപ്പെടെയുള്ള 'സേഫ് കേരള' പദ്ധതിക്ക് സമഗ്ര ഭരണാനുമതി നൽകി സർക്കാർ ഉത്തരവാകുന്നു.

(i) ഈ പദ്ധതിയുടെ ഓരോ ത്രൈമാസ ഗഡുവായ 11,61,27,514/-രൂപ (എല്ലാ നികുതികളും മറ്റ് ചാർജ്ജുകളുമടക്കം) നൽകുന്നതിനു മുൻപ്, ഉപകരണങ്ങൾ കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിനായി അഡി.ട്രാൻസ്പോർട്ട് കമ്മീഷണർ തലവനും കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ (KSITM)-ലെ ഒരു IT വിഭാഗം വിദഗ്ദനും ഗതാഗത വകുപ്പിനു കീഴിലെ ശ്രീചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ IT/Computer വിഭാഗത്തിലെ ഒരു അദ്ധ്യാപകനും ഉൾപ്പെടുന്ന 'സേഫ് കേരള പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റി' ഇതിനാൽ രൂപീകരിക്കുന്നു. ഈ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രം കെൽട്രോണിനു മേൽ തുക നൽകേണ്ടതാണ് .

(ii) മോട്ടോർ വാഹന വകുപ്പും M/s കെൽട്രോണും തമ്മിലുള്ള Service Level Agreement-ൽ പറയുന്ന ഓരോ ജില്ലാതല കൺട്രോൾ റൂമും ഒരു ദിവസം പ്രവർത്തനരഹിതമായാൽ 1,000/- രൂപ ഫൈൻ എന്നത് മൊത്തം സംവിധാനവും 95 ശതമാനമെങ്കിലും പ്രവർത്തിക്കണമെന്ന് ഉറപ്പു വരുത്താൻ വേണ്ടവിധം ഫൈൻ വർദ്ധിപ്പിക്കേണ്ടതും കരാർ വ്യവസ്ഥകൾ അതിനനുസരിച്ച് ഭേദഗതി ചെയ്യേണ്ടതുമാണ്. ഇതിനായി ഗതാഗത കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.

(iii) ക്യാമറ/കൺട്രോൾ റൂം എന്നിവയ്ക്ക് guaranteed uptime, കെൽട്രോൺ സമർപ്പിക്കേണ്ടതും പദ്ധതി കാലഘട്ടത്തിൽ കേടായ ക്യാമറകൾ ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ മാറ്റി/ അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തിപ്പിക്കുന്നതിനു ആവശ്യമായ വ്യവസ്ഥകൾ എഗ്രിമെന്റിൽ ഉൾപ്പെടുത്താൻ കെൽട്രോണും ഗതാഗത കമ്മീഷണറും നടപടി സ്വീകരിക്കേണ്ടതുമാണ്.

(iv). ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി തലവനായ കമ്മിറ്റി ശിപാർശ ചെയ്ത ആദ്യ അഞ്ചു വർഷത്തെ ആനുവിറ്റി കരാർ കാലാവധിക്ക് ശേഷവും തുടർന്നുള്ള അഞ്ച് (ആകെ 10 വർഷം) കരാർ ദീർഘിപ്പിക്കുകയും AMC തുക (7 ശതമാനത്തിൽ അധികരിക്കാത്ത വിധത്തിൽ) IT വകുപ്പുമായി ചർച്ച ചെയ്ത് നിരക്ക് നിശ്ചയിച്ച് എഗ്രിമെന്റിൽ ഉൾപ്പെടുത്തി 10 വർഷവും കുറ്റമറ്റ രീതിയിൽ പ്രവർത്തിപ്പിക്കാൻ വേണ്ട നടപടികൾ ഗതാഗത കമ്മീഷണർ

സ്വീകരിക്കേണ്ടതാണ്.

v) സേഫ് കേരള പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള ക്യാമറകൾ പോലീസ് വകുപ്പിന്റെ ക്യാമറകൾ ഉള്ള സ്ഥലത്തല്ലെന്ന് ഉറപ്പാക്കാനും ഈ പദ്ധതിയുടെ ഭാഗമായി ശേഖരിക്കുന്ന ഡേറ്റാ, ക്യാമറാ ഫീഡ് പോലീസ് വകുപ്പിന് ആവശ്യാനുസരണം നൽകാനും ഗതാഗത കമ്മീഷണർ നടപടി സ്വീകരിക്കേണ്ടതാണ്.

(vi) ഈ പദ്ധതിയിൽ കെൽട്രോൺ PMC ആയി മാത്രം പ്രവർത്തിക്കുന്നു എന്ന മുൻ വ്യവസ്ഥയിൽ ഭേദഗതി വരുത്തി, Keltron tender ചെയ്ത് third party-യിൽ നിന്നും ഉപകരണങ്ങൾ വാങ്ങിയ പ്രക്രിയയ്ക്കും അനുമതി നൽകുന്നതിനൊപ്പം പിഎംസി ആയി പ്രവർത്തിക്കുന്നതിനും ഇതിനാൽ അനുമതി നൽകുന്നു. പദ്ധതിയിലുള്ള തേർഡ് പാർട്ടി ഉപകരണങ്ങൾ ഉൾപ്പെടെ എല്ലാ ഘടകങ്ങളും കുറ്റമറ്റ രീതിൽ പ്രവർത്തിക്കുന്നു എന്ന് കെൽട്രോൺ ഉറപ്പാക്കണം.

(vii) ഈ പദ്ധതിക്കുള്ള 232,25,50,286/- രൂപ (എല്ലാ നികുതികളും മറ്റ് ചാർജ്ജുകളുമടക്കം) 20 തുല്യ ത്രൈമാസ ഗഡുക്കളായി കൈമാറാൻ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ഇത് ഒരു ആന്യുവിറ്റി പ്രോജക്ട് ആയി കണക്കാക്കി കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ 3055-00-800-95-എന്ന ശീർഷകത്തിൽ നിന്നും, മേൽ പറഞ്ഞ വ്യവസ്ഥ (i)ന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെടുന്ന സേഫ് കേരള പ്രോജക്ട് മോണിട്ടറിംഗ് കമ്മിറ്റിയുടെ ത്രൈമാസ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കെൽട്രോണിന് നൽകേണ്ടതായ തുക ട്രാൻസ്പോർട്ട് കമ്മീഷണർ വഴി കൈമാറേണ്ടതാണ്.

(viii) ഇതു സംബന്ധിച്ച് ഗതാഗത കമ്മീഷണറും Keltron മായി ഏർപ്പെട്ടിട്ടുള്ള സർവ്വീസ് ലെവൽ എഗ്രിമെന്റിൽ, മേൽ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ, 10 വർഷക്കാലം പദ്ധതിയുടെ കുറ്റമറ്റ പ്രവർത്തനത്തിനാവശ്യമായ ഭേദഗതികൾ ഗതാഗത കമ്മീഷണർ കെൽട്രോണുമായി ചർച്ച ചെയ്തത് മാറ്റം വരുത്താനും അംഗീകരിക്കാനും ഗതാഗത വകുപ്പിനെ ചുമതലപ്പെടുത്തുന്നു.

(ix) പ്രോജക്ടിന് കീഴിൽ വിവിധ വകുപ്പുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന AI ക്യാമറകളുടെ പ്രവർത്തനപരവും സ്ഥലപരവുമായ ഡ്യൂപ്ലിക്കേഷൻ ഒഴിവാക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്താനും വീഡിയോ ഫീഡും മറ്റ് ഡാറ്റയും വിവിധ നിയമ നിർവ്വഹണ ഏജൻസികളുമായി പങ്കിടാനുള്ള സാധ്യതയും ഉറപ്പാക്കുന്നതിനായി അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരം) ചെയർമാനായും സെക്രട്ടറി (ഗതാഗതം), സെക്രട്ടറി (നികുതി വകുപ്പ്), പോലീസ്, എക്സൈസ്, മോട്ടോർ വെഹിക്കിൾസ്, ജിഎസ്.ടി. എന്നീ വകുപ്പുകളുടെ മേധാവികൾ അംഗങ്ങളായും ഒരു കോ-ഓർഡിനേഷൻ കമ്മിറ്റിയും ഇതിനാൽ രൂപീകരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

ട്രാൻസ്പോർട്ട് കമ്മീഷണർ, തിരുവനന്തപുരം.
റോഡ് സുരക്ഷ കമ്മീഷണർ, കേരള റോഡ് സേഫ്റ്റി അതോറിറ്റി, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം.
പൊതുഭരണ(എസ് സി) വകുപ്പിന് (12.04.2023 ലെ മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകളിലെ ഇനം നം. 1476 പ്രകാരം)
ധനകാര്യ വകുപ്പ്/ ആഭ്യന്തര വകുപ്പ് / ഇലക്ട്രോണിക്സ് & ഐ.റ്റി വകുപ്പ്/ ടാക്സസ് വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

സ.ഉ.(കൈ) നം.26/2023/TRANS

ഉത്തരവിൻ പ്രകാരം

Signed by

Deepthi K Gopal

Date: 19-04-2023 12:53:51

സെക്ഷൻ ഓഫീസർ

പകർപ്പ് :- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ഗതാഗത വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്